## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4403** **13.11.2019** ൽ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം**

| | ചോദ്യം<br>**ശ്രീ.കെ.വി.വിജയദാസ്** | | മറുപടി<br>**എ.കെ.ബാലൻ**<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 സെപ്റ്റംബർ 30 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്; തുകയുടെ വിശദാംശം സഹിതം ലഭ്യമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 സെപ്റ്റംബർ 30 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 72015 പേർക്ക് ചികിത്സാ ധനസഹായമായി 127,67,73,376/-രൂപ (നൂറ്റി ഇരുപത്തിയേഴ് കോടി അറുപത്തിയേഴ് ലക്ഷത്തി എഴുപത്തി മൂന്നായിരത്തി മുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| ബി) | നിലവിൽ നൽകിവരുന്ന ചികിത്സാ ധനസഹായത്തിന്റെ പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ? | ബി) | 1,00,000/-രൂപയോ അതിനു താഴെയോ വരുമാനമുള്ളതും ഗുരുതരമായ രോഗം ബാധിച്ചതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ പട്ടികജാതി വിഭാഗക്കാർക്ക് ചികിത്സാ ധനസഹായമായി നിലവിൽ 50,000/-രൂപ (അമ്പതിനായിരം രൂപ) വരെ അനുവദിച്ചു വരുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ മുതലായ ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ) വരെ അനുവദിക്കുന്നുണ്ട്. ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിന്റെ പരിധി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**